# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - കാസറഗോഡ് ജില്ലയിലെ പൈവെളികെ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ്ക്ലാർക്ക് ശ്രീ കെ എം ജേക്കബ്ബ് ഏണസ്റ്റിന്റെ 14.06.08 മുതൽ 04.03.09 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം. 1951/2016/തസ്വഭവ . തീയതി, തിരുവനന്തപുരം, 20/6/2016

---

പരാമർശം: 1. ശ്രീ കെ എം ജേക്കബ്ബ് ഏണസ്റ്റിന്റെ അവധിയപേക്ഷകൾ

2. പഞ്ചായത്ത് ഡയറക്ടറുടെ 30.10.2015 ലെ ഇ 3-10109/15 നമ്പർ കത്ത്

## <u>ഉത്തരവ്</u>

കാസറഗോഡ് ജില്ലയിലെ പൈവെളികെ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ്ക്ലാർക്ക് ശ്രീ കെ എം ജേക്കബ്ബ് ഏണസ്റ്റിന്റെ 14.06.08 മുതൽ 04.03.09 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ക്രമീകരിക്കുന്നതിന് ടിയാൻ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു

2. 31.12.2013 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ കെ എം ജേക്കബ്ബ് ഏണസ്റ്റ് 14.06.08 മുതൽ 11.09.08 വരെ ചികിത്സാർത്ഥം ശൂന്യവേതനാവധിക്കായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും രോഗം ഭേദമാകാത്തതിനെത്തുടർന്ന് 10.03.09 വരെ വീണ്ടും ശൂന്യവേതനാവധിക്കായി അപേക്ഷിച്ചു. എന്നാൽ 10.03.09 ന് മുമ്പ് തന്നെ ടിയാൻ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ജോലിയിൽ പ്രവേശിപ്പിക്കാൻ അപേക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 05.03.09 ന് കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ നിയമിച്ചു. ടിയാൻ അവധിയിലായിരുന്ന കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ പൈവെളികെ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ്ക്ലാർക്ക് ശ്രീ. കെ.എം.ജേക്കബ്ബ് ഏണസ്റ്റിന് 14.06.2008 മുതൽ 04.03.2009 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്. പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ശ്രീകല സി.എസ്
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പൈവെളികെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ കെ എം ജേക്കബ്ബ് ഏണസ്റ്റ്, മുൻ സീനിയർ ക്ലാർക്ക്, പൈവെളികെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ്( 12.01.2016 ലെ 155735/ആർബി2/2015/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഇപിഎ 1/538/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ